**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.**1442** | 31.10.2019 -ൽ മറുപടിയ്ക്ക്

**ബാലുശ്ശേരി മിനി സിവിൽ സ്റ്റേഷൻ**

| **ചോദ്യം** | | **ഉത്തരം** |
|---|---|---|
| ശ്രീ.പുരുഷൻ കടലുണ്ടി : | | ശ്രീ.ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി) |
| (എ) 2018-19 വർഷത്തെ ബജറ്റിൽ 20% തുക നീക്കി വച്ച ബാലുശ്ശേരി മിനി സിവിൽ സ്റ്റേഷൻ നിർമ്മാണത്തിന്റെ വിശദമായ ഡി.പി.ആർ. ഭരണാനുമതിയ്ക്കായി ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (എ) | 2018-19 വർഷത്തെ ബജറ്റിൽ 20% തുക നീക്കി വച്ച ബാലുശ്ശേരി മിനി സിവിൽ സ്റ്റേഷൻ നിർമ്മാണത്തിന്റെ എസ്റ്റിമേറ്റ് പൊതുമരാമത്ത് ചീഫ് എഞ്ചിനീയർ സർക്കാരിലേക്ക് സമർപ്പിച്ചിട്ടുണ്ട്. ആയതിന്മേൽ ലാൻഡ് റവന്യൂ കമ്മീഷണറുടെ റിപ്പോർട്ട്/ശുപാർശ ആവശ്യപ്പെട്ടിരിക്കുകയാണ്. |
| (ബി) ബാലുശ്ശേരിയിൽ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഏതെല്ലാം സർക്കാർ സ്ഥാപനങ്ങൾക്കാണ് മിനി സിവിൽ സ്റ്റേഷനിൽ പുതുതായി കെട്ടിട സൗകര്യം ലഭ്യമാക്കാൻ സാധിക്കുന്നതെന്ന് അറിയിക്കാമോ? | (ബി) | ബാലുശ്ശേരി വില്ലേജ് ഓഫീസ്, സബ് ട്രഷറി, സബ് രജിസ്ട്രാർ ഓഫീസ്, അഗ്രികൾച്ചറൽ ഓഫീസ്, എംപ്ലോയ്മെന്റ് ഓഫീസ്, എക്സൈസ് ഓഫീസ്, ഐ.സി.ഡി.എസ് ഓഫീസ് എന്നീ സർക്കാർ സ്ഥാപനങ്ങൾക്കാണ് മിനി സിവിൽ സ്റ്റേഷനിൽ പുതുതായി കെട്ടിട സൗകര്യം ലഭ്യമാക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്. |

**സെക്ഷൻ ഓഫീസർ**